# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1493.

06-03-2017 ൽ മറുപടിയ്ക്ക്

## കാർഷിക വിള സംഭരണം

**ചോദ്യം**
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എത്ര ഹെക്ടർ നെൽകൃഷി നശിച്ചിട്ടുണ്ട്; എവിടെയെല്ലാമാണ് കൃഷി നാശം വന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പ്രഥമ വിവര റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് 26535.82 ഹെക്ടർ നെൽകൃഷി നശിച്ചതായാണ് കണക്കാക്കിയിരിക്കുന്നത്. എല്ലാ ജില്ലകളിലും നെൽകൃഷി നാശം സംഭവിച്ചിട്ടുണ്ട്. കൂടുതൽ നെൽകൃഷി നാശം റിപ്പോർട്ട് ചെയ്തിരിക്കുന്നത് പാലക്കാട്, ആലപ്പുഴ, തൃശ്ശൂർ ജില്ലകളിൽ നിന്നാണ്. എന്നാൽ മാർച്ച് ഏപ്രിൽ മാസത്തോടെ ഈ കണക്കിൽ വർദ്ധനവ് ഉണ്ടാകും. |
| (ബി) | വിളയിച്ച നെല്ല് വിവിധ ഏജൻസികൾ സംഭരിക്കാതെ നശിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഇല്ല. സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴിയും ഓയിൽ പാം വഴിയും സംഭരിച്ചുവരുന്നു. |
| (സി) | സംസ്ഥാനത്ത് പച്ചക്കറി കൃഷി ഇത്തരത്തിൽ നശിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ഉണ്ട്. പ്രഥമവിവര റിപ്പോർട്ട് പ്രകാരം 882.68 ഹെക്ടർ പച്ചക്കറി കൃഷി നശിച്ചതായി കണക്കാക്കിയിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് സമാന രീതിയിൽ പച്ചക്കറി വിളയിച്ച കർഷകർക്ക് സംഭരിക്കുവാൻ സംവിധാനമില്ലാതെ നശിച്ചതിന് നഷ്ടപരിഹാരം നൽകുവാനുള്ള നടപടി സ്വീകരിക്കുമോ; | (ഡി) | സംസ്ഥാനത്തെ കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിനുള്ള സംവിധാനങ്ങൾ കൃഷി വകുപ്പ് മുഖേനയും ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ ഏജൻസികൾ മുഖേനയും പ്രാവർത്തികമാക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ 6 മൊത്തവ്യാപാര വിപണികൾ, 5 ജില്ലാ സംഭരണ കേന്ദ്രങ്ങൾ, ഫാർമർ ക്ലസ്റ്റർ വിപണികൾ, ബി.എൽ.എഫ്.ഒ. വിപണികൾ എന്നിവ മുഖാന്തിരം കർഷകരിൽനിന്നും പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തുന്നതിന് സംവിധാനമുണ്ട്. ഹോർട്ടി |

| | | | |
|---|---|---|---|
| | | | കോർപ്പ് കർഷകരിൽനിന്നും നേരിട്ടും വി.എഫ്.പി.സി.കെ. സ്വാശ്രയ വിപണികളിലൂടെയും പച്ചക്കറികൾ സംഭരണം നടത്തുന്നതിനും വിപണനത്തിനുമുള്ള സാഹചര്യമൊരുക്കുന്നുണ്ട്. ഇതിനു പുറമേ ഇക്കഴിഞ്ഞ ഓണക്കാലത്ത് കൃഷി വകുപ്പും, ഹോർട്ടികോർപ്പും, വി.എഫ്.പി.സി.കെ.യും സംയുക്തമായി ഓണസമൃദ്ധി എന്ന പേരിൽ 1350 ഓണ വിപണികൾ സംഘടിപ്പിച്ച് കർഷകരിൽനിന്നുള്ള പച്ചക്കറികൾ സംഭരിച്ച് വിതരണം നടത്തിയിട്ടുണ്ട്. പ്രധാന ഉത്സവ സീസണുകളിൽ തുടർന്നും വിപണികൾ നടത്തുന്ന കാര്യം സർക്കാർ പരിഗണിച്ചു വരികയാണ്. |
| (ഇ) | സംസ്ഥാനത്ത് നെല്ല്, പച്ചക്കറികൾ ഇവ വിളയിച്ച കർഷകരിൽ നിന്നും ശേഖരിച്ച് വിതരണം ചെയ്യുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ; | (ഇ) | സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും കർഷകർ ഉത്പാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷനിലൂടെ സംഭരിച്ചുവരുന്നു. കൃഷി വകുപ്പിനു കീഴിലുള്ള 6 മൊത്തവ്യാപാര വിപണികൾ, ജില്ലാ സംഭരണ വിപണന കേന്ദ്രങ്ങൾ, ഹോർട്ടികോർപ്പ് വി.എഫ്.പി.സി.കെ., പച്ചക്കറി ക്ലസ്റ്റർ വിപണികൾ എന്നിവയിലൂടെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ വിതരണം ചെയ്യുന്നതിന് സംവിധാനം നിലവിലുണ്ട്. |
| (എഫ്) | സംസ്ഥാനത്ത് വിളയുന്ന പച്ചക്കറി നെല്ല്, തേങ്ങ മറ്റ് വിളകൾ ഇവയുടെ അളവ് സംബന്ധിച്ച വിശദമായ വിവരം ലഭ്യമാക്കുമോ? | (എഫ്) | (see table below) |

| നം. | | ടൺ |
|---|---|---|
| 1 | നെല്ല്- എ) വിരിപ്പ്<br>ബി) മുണ്ടകൻ<br>സി) പുഞ്ച | 1,60,894<br>2,43,675<br>1,44,706 |
| 2 | ചോളം | 74 |
| 3 | കൂവരക് | 76 |
| 4 | ജോവർ (കാലിത്തീറ്റ ഉൾപ്പെടെ) | 132 |
| 5 | തിന (ചാമ) | 10 |
| 6 | ഗോതമ്പ് | 3 |
| 7 | പയർ വർഗ്ഗങ്ങൾ | 2420 |
| 8 | ഉവരപ്പരിപ്പ് (റെഡ് ഗ്രാം) | 1845 |
| 9 | കരിമ്പ് | 13812.510 |
| 10 | കുരുമുളക് | 42132 |
| 11 | ഇഞ്ചി | 22044 |
| 12 | മഞ്ഞൾ | 7112 |

| | | |
|---|---|---|
| 13 | ഏലം (സംസ്കരിച്ചത്) | 19500 |
| 14 | അടയ്ക്ക | 132453 |
| 15 | വാളൻപുളി | 39732 |
| 16 | ജാതി | 14902 |
| 17 | വെളുത്തുള്ളി | 375 |
| 18 | ഗ്രാമ്പു (ഉണങ്ങിയത്) | 78 |
| 19 | മാങ്ങ | 414544 |
| 20 | നേന്ത്രൻ | 536155 |
| 21 | വാഴപ്പഴം | 411626 |
| 22 | കൈതച്ചക്ക | 65482 |
| 23 | പപ്പായ | 113075 |
| 24 | കശുവണ്ടി | 24733 |
| 25 | മരച്ചീനി | 2662610 |
| 26 | മധുരക്കിഴങ്ങ് | 3922 |
| 27 | മുരിങ്ങയ്ക്ക | 16295 |
| 28 | പച്ചമുളക് | 1602 |
| 29 | ഉരുളക്കിഴങ്ങ് | 6581 |
| 30 | നിലക്കടല | 619 |
| 31 | എള്ള് | 47.7 |
| 32 | സോയബീൻസ് | 1 |
| 33 | വെറ്റില | 12657 |
| 34 | പുകയില | 15 |
| 35 | തേയില | 57898 |
| 36 | കാപ്പി | 69230 |
| 37 | റബ്ബർ | 438630 |
| 38 | കൊക്കോ | 15349 |
| 39 | തേങ്ങ (ദശലക്ഷം എണ്ണം) | 5873 |
| 40 | ചക്ക (ദശലക്ഷം എണ്ണം) | 285 |

സെക്ഷൻ ഓഫീസർ